## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2813** **19.06.2014- ൽ മറുപടിക്ക്**

### വലിയപറമ്പ് മാടക്കാൽ ദ്വീപിലെ തൂക്കുപാലത്തിന്റെ നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ് മാടക്കാൽ ദ്വീപിലെ തൂക്കു പാലം തകർന്ന് വർഷം കഴിഞ്ഞിട്ടും പാലം പുനർനിർമ്മാണം ആരംഭി ക്കാനോ ഇതേ ദ്വീപിലെ പടന്നക്കടപ്പുറം തൂക്ക് പാലം പണി പൂർത്തീകരിക്കാനോ കഴിയാത്ത തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | മാടക്കാലിൽ വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചാൽ മാത്രമെ തകർന്ന തൂക്കുപാലത്തിന്റെ അവശിഷ്ടങ്ങൾ നീക്കി പാലം പുനർ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളു വിജിലൻസ് അന്വേഷണം സംബന്ധിച്ച പുരോഗതി വിലയിരുത്തുന്ന തിനായി വിജിലൻസ് ഡയറക്ടറുമായി ബന്ധപ്പെടുവാൻ ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>മാടക്കൽ പാലത്തിലുണ്ടായ വിനോദ സഞ്ചാരികളുടെ അധികപ്രവാഹം കണക്കി ലെടുത്ത് പടന്ന കടപ്പുറത്തു നിർമ്മിക്കുന്ന പാലത്തിന്റെ ശേഷി വർദ്ധിപ്പിക്കണമെന്ന് തൃക്കരിപ്പൂർ വലിയപറമ്പ് പഞ്ചായത്ത് ഹാളിൽ ബഹു. തൃക്കരിപ്പൂർ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ 28.06.2013 ൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ ആവശ്യപ്പെടുക യുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് (കെൽ) തയ്യാറാക്കി യിട്ടുണ്ട്. |
| (ബി) | ഈ നിർമ്മാണം എപ്പോൾ പുനരാരം ഭിക്കാൻ കഴിയുമെന്ന് വ്യക്തമാ ക്കാമോ? | (ബി) | മാടക്കാൽ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ച ശേഷം മാത്രമേ ഈ പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ